(ഡി) അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും മാസ ഓണറേറിയം അടിസ്ഥാനത്തിൽ നിയോഗിക്കപ്പെട്ട പ്രവർത്തകരായതിനാൽ ഇവരെ സ്ഥിരം ജീവനക്കാരായി അംഗീകരിച്ച് സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടില്ല.

(ഇ) ഉത്സവകാലങ്ങളിൽ ഇവർക്ക് ഉത്സവബത്ത നൽകിവരുന്നു.

അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം വർദ്ധിപ്പിക്കാൻ നടപടി

36 [2073] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :

ശ്രീ. സ്റ്റീഫൻ ജോർജ് :

,, ജോസഫ് എം. പുതുശ്ശേരി :

,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചോ ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ ഇപ്പോൾ നൽകി വരുന്ന ഓണറേറിയം വർദ്ധിപ്പിക്കാനോ വർക്കർമാരേയും ഹെൽപ്പർമാരേയും സർക്കാർ ജീവനക്കാരായി ഉയർത്താനോ ശുപാർശയുണ്ടോ ?

ഉത്തരം

(എ) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച് പഠിച്ച് ശുപാർശകൾ സമർപ്പിക്കുക എന്നത് കമ്മീഷന്റെ പരിധിയിൽപ്പെടുത്തിയിരുന്ന വിഷയമാണ്. ഏകാംഗ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

അംഗൻവാടി ജീവനക്കാരുടെ പെൻഷൻ പ്രായം

37 [2074] പ്രൊഫസർ എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ അംഗൻവാടി ജീവനക്കാരുടെ പ്രശ്നങ്ങളെപ്പറ്റി പഠിക്കാൻ നിയോഗിച്ച ഏകാംഗ കമ്മീഷന്റെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചോ ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ ;

(ബി) അംഗൻവാടി ജീവനക്കാരുടെ പെൻഷൻപ്രായം എത്രയാണെന്നും അവരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(സി) 2003 മാർച്ചിലെ ബഡ്ജറ്റിൽ അംഗൻവാടി ജീവനക്കാർക്ക് പ്രഖ്യാപിച്ച 300 രൂപയുടെ വേതന വർദ്ധനവ് നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly